## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1162** **06.02.2020 ൽ മറുപടിക്ക്**

## വർക്കല തൊട്ടുവെ പാലം നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി. ജോയി** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) വർക്കല തൊട്ടുവെ പാലം നിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) തിരുവനന്തപുരം ജില്ലയിൽ വർക്കല നിയോജക മണ്ഡലത്തിൽ പ്രശസ്ത തീർത്ഥാടന കേന്ദ്രമായ ശിവഗിരിക്ക് സമീപം ടി.എസ് കനാലിനു കുറുകെ തൊട്ടുവെയിൽ പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിന് 2017-2018 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 30 കോടി രൂപ അനുവദിച്ചു. തുടർന്ന് ടി പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സർവ്വേ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ടെൻന്റേറ്റീവ് ജനറൽ ഡിസൈൻ തയ്യാറാക്കുകയും ചെയ്തു.<br>ബ്രിഡ്ജസ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി ഡിസൈനിന്റെ feasibility വിലയിരുത്തുകയും feasibility report തയ്യാറാക്കി ഡിസൈൻ വിഭാഗത്തിന് നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പാലം നിർമ്മാണത്തിന്റെ ജനറൽ ഡിസൈൻ ഡ്രോയിംഗ് ഡിസൈൻ വിഭാഗം തയ്യാറാക്കി.<br>എന്നാൽ പാലത്തിന്റെ ഇമ്മീഡിയേറ്റ് അപ്രോച്ച് അവസാനിക്കുന്നിടത്ത് നടയറ ഭാഗത്തേയ്ക്കുള്ള റോഡിലെ കൊടും വളവ് മൂലം അപകട സാധ്യത ഉള്ളതിനാൽ വളവ് നിവർക്കുന്നതിനായി കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതു സംബന്ധിച്ച |

വിശദാംശങ്ങൾ ബഹുമാനപ്പെട്ട വർക്കല നിയോജകമണ്ഡലം എം.എൽ.എ യുമായി ചർച്ച നടത്തി. വളവ് നിവർക്കുന്നതിനുള്ള തീരുമാനം എടുത്തു. എന്നാൽ നിലവിൽ ലഭ്യമായിട്ടുള്ള സർവ്വേ ഡീറ്റെയിൽസിൽ അലൈമെന്റ് പുതുക്കുന്നതിനായുള്ള വിശദാംശങ്ങളുടെ അപര്യാപ്തത മൂലം അഡീഷണൽ സർവ്വേ നടത്തേണ്ടതായി ബോധ്യപ്പെട്ടു. ഇതിനായിട്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിന് എത്ര രൂപ ആവശ്യമായിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) അലൈൻമെന്റ് ഫൈനലൈസ് ചെയ്യുതിനു ശേഷം മാത്രമേ പ്രസ്തുത പ്രവൃത്തിയ്ക്ക് ആവശ്യമായ തുക കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഇത് നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ എന്ന് അറിയിക്കുമോ?

(സി) ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്

**സെക്ഷൻ ഓഫീസർ**